L1/418/2023-TC

506812/2023/INWARD TC

**ഭരണഭാഷ – മാതൃഭാഷ**

L
1
12/6/23

235/2023/ടി.ടി

സബ്. റീജിയണൽ ട്രാൻസ്പോർട്ട് കാര്യാലയം
മോട്ടോർ വാഹന വകുപ്പ്
മിനി സിവിൽ സ്റ്റേഷൻ, തൃപ്രയാർ – 680567,
തൃശ്ശൂർ, തീയതി: 07.06.2023, 0487–2396575
ഇ–മെയിൽ: kl75.mvd@kerala.gov.in

പ്രേഷിത

**ശ്രീമതി. സിന്ധു. കെ.ബി**
പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

TRANSPORT COMMISSIONERATE
KERALA
RECEIVED ON
12 JUN 2023
INWARD NO

സ്വീകർത്താവ്

**പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ**
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, തിരുവനന്തപുരം

സർ,

വിഷയം:– **വിവരാവകാശ നിയമം 2005, അപേക്ഷ** – വിവരം / സെക്ഷൻ 6 (3) പ്രകാരം മറുപടി നൽകുന്നത് – സംബന്ധിച്ച്.

സൂചന:– **06.06.2023** ന് ഈ ഓഫീസിൽ ലഭിച്ച ശ്രീ. എവിൻ ടോണി വൈ.വി, വടക്കെതല ഹൗസ്, കണ്ടശാംകടവ് പി.ഒ, തൃശ്ശൂർ – 680613, അവർകളുടെ വിവരാവകാശ അപേക്ഷ.

--------------------------------

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചന അപേക്ഷയിലെ പിരിവ് **01–09** സംബന്ധിച്ച വിവരങ്ങൾ അങ്ങയുടെ കാര്യാലയവുമായി ബന്ധപെട്ടവയാണ്. ആയതിനാൽ [സെക്ഷൻ 6 (3) പ്രകാരം] അപേക്ഷയുടെ അസ്സൽ അങ്ങയുടെ കാര്യാലയത്തിലേക്ക് ലഭ്യമാക്കുന്നു.

വിശ്വസ്തതയോടെ

Sub Regional Transport Office
Triprayar - 680 567

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

**ഉള്ളടക്കം:** വിവരാവകാശ അപേക്ഷ.

**പകർപ്പ്** (അറിവിലേക്കായി)
ശ്രീ. എവിൻ ടോണി വൈ.വി,
വടക്കെതല ഹൗസ്, കണ്ടശാംകടവ് പി.ഒ,
തൃശ്ശൂർ – 680613

L1/418/2023-TC

506812/2023/INWARD TC

(235)

6/6




## വിവരാവകാശ നിയമം 2005

പ്രേഷകൻ

EVIN TONY.V
Vadakkethala (H)
Kandassankadavu P.O
Thrissur, Kerala 680613

സ്വീകർത്താവ്

PUBLIC INFORMATION OFFICER
Mini Civil station,
Nattika, Thriprayar P.O
Thrissur - 680567

സർ,

വിഷയം : വിവരാവകാശ നിയമം 2005 – പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരം മറുപടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു .

1. അങ്ങയുടെ കാര്യാലയത്തിലും, അങ്ങയുടെ കാര്യാലയത്തിന്റെ പരിധിയിലുള്ള വിവിധ കാര്യാലയങ്ങളിലുമായി അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് ആർ.ടി.ഒ, ആർ.ടി.ഒ, എന്നി തസ്തികകളിലെ SANCTIONED STRENGTH, EXISTING STRENGTH, VACANCY എത്രയാണ് എന്നത് പട്ടിക തിരിച്ച് വ്യക്തമാക്കുക.

2. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് ആർ.ടി.ഒ, ആർ.ടി.ഒ, എന്നി തസ്തികകളിൽ 31.05.2023–ൽ ഉണ്ടായ വിരമിക്കൽ മൂലം എത്ര ഒഴിവുകൾ സൃഷ്ടിച്ച എന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുക.

3. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഉള്ള (01.06.2023 **പ്രാബല്യത്തിൽ**) ഒഴിവുകളിൽ കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണ്, പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത കത്ത്/ഫയൽ നമ്പർ കൂടി ലഭ്യമാക്കുക.

L1/418/2023-TC

506812/2023/INWARD TC

4. 15.12.2022–ാം തീയതിയ്ക്കുശേഷം കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണ് എന്ന് വ്യക്തമാക്കുക.

5. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക.

6. 01.06.2023 പ്രാബല്യത്തിൽ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഉള്ള ഒഴിവുകളിൽ കേരളാ പി.എസ്.സി വഴി നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ എത്രയാണ് എന്ന് വ്യക്തമാക്കുക.

7. നിലവിൽ ഉള്ള ജീവനക്കാരുടെ വിവരങ്ങൾ പ്രകാരം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിരമിക്കൽ മൂലം 2023 ജൂൺ മുതൽ 2026 മെയ് വരെ ഉണ്ടാവാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം പട്ടിക തിരിച്ച്, ഓരോ മാസം അടിസ്ഥാനത്തിൽ വ്യക്തമാക്കുക.

8. 01.06.2023 മുതൽ 31.05.2026 വരെയുള്ള കാലയളവിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും ജോയിന്റ് ആർ.ടി.ഒ തസ്തികകളിലേക്കും, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികകളിലേക്കും സ്ഥാനക്കയറ്റം ലഭിക്കുക വഴി ഉണ്ടാവാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുക.

9. സേഫ് കേരളാ പദ്ധതിയുടെ ഭാഗമായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിലേയും, കണ്ട്രോൾ റൂമുകളിലെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുക.

വിശ്വസ്തതയോടെ

[signature]

സ്ഥലം : Kandassankadavu

തീയതി : 05/06/2023